**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507** **01-02-2024 - ൽ മറുപടിയ്ക്ക്**

**പുത്തൻ തലമുറയുടെ പ്രിയപ്പെട്ട തൊഴിൽ കേന്ദ്രമാകുന്ന കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങൾക്ക് തൊഴിൽ ചെയ്യുന്നതിന് ഏറ്റവും ഇഷ്ടപ്പെട്ട ഇന്ത്യൻ സംസ്ഥാനം കേരളമാണെന്ന ഇന്ത്യ സ്കിൽസ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ഉണ്ട് , ഇന്ത്യ സ്കിൽ റിപ്പോർട്ട് പ്രകാരം ദേശീയതലത്തിൽ യുവജനങ്ങൾ ജോലിചെയ്യാൻ ഏറ്റവും താൽപര്യപ്പെടുന്ന സംസ്ഥാനങ്ങളിൽ ഒന്നാമതായി കേരളം മാറിക്കഴിഞ്ഞു. ദേശീയതലത്തിൽ യുവജനങ്ങൾ ജോലിചെയ്യാൻ താത്പര്യപെടുന്ന പ്രദേശങ്ങളിൽ കൊച്ചിയും , തിരുവനന്തപുരവും ഉൾപ്പെടുന്നു. സ്ത്രീജനങ്ങൾ പ്രധാനമായും രാജ്യത്തു ഏറ്റവും കൂടുതൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന പ്രദേശങ്ങളിൽ കൊച്ചി ഒന്നാമതാണെന്ന് ഈ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. പുരുഷന്മാർ ജോലിചെയ്യാൻ താത്പര്യപെടുന്ന രാജ്യത്തെ പത്തു പ്രദേശങ്ങളിൽ കൊച്ചി മൂന്നാമതും തിരുവനന്തപുരം അഞ്ചാമതും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | എല്ലാ വിഭാഗത്തിലുള്ള തൊഴിലാളികൾക്കും നൽകുന്ന മികച്ച സൗകര്യങ്ങളും വേതനവും പുത്തൻ തലമുറയുടെ പ്രിയപ്പെട്ട തൊഴിൽ കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് സഹായിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്. 1948-ലെ മിനിമം വേതന നിയമ പ്രകാരം സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തി 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതാണ് . ടി മേഖലകളിലെ മിനിമം വേതനം 800/- രൂപയായി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ നിർമ്മാണ കാർഷിക-കാർഷികേതര മേഖലകളിലെ വേതനം മറ്റ് സംസ്ഥാനങ്ങളിലെ വേതനത്തെ അപേക്ഷിച്ച് മൂന്നിരട്ടിയാണ്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന കൂലി ലഭിക്കുന്ന സംസ്ഥാനമെന്ന റിസർവ്വ് ബാങ്കിന്റെ അംഗീകാരവും കേരളത്തിന് ലഭിച്ചിട്ടുണ്ട്. വേതന സുരക്ഷ പദ്ധതിയി(WPS)ലൂടെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്നും സ്ഥാപന പരിശോധന മുഖേന തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും തൊഴിലാളിക്ക് ലഭിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്താറുണ്ട് . സംസ്ഥാനത്തെ തൊഴിൽ അന്തരീക്ഷം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനായി 12 വ്യവസായ ബന്ധസമിതികളും അസംഘടിത മേഖലയിലെ തൊഴിൽ-സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി 16 ക്ഷേമനിധി ബോർഡുകളും പ്രവർത്തിച്ചു വരുന്നു. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും നടപ്പിലാക്കി വരുന്നു. |
| (സി) | ലിംഗസമത്വത്തിൽ അധിഷ്ഠിതമായ തൊഴിൽ സാഹചര്യങ്ങളും പുരോഗമനപരമായ സാമൂഹിക ചുറ്റുപാടുകളും സംസ്ഥാനത്തെ വനിതാ, ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ ഇഷ്ടപ്പെട്ട തൊഴിൽ കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. തുല്യജോലിയ്ക്ക് കേരളത്തിൽ തുല്യവേതനം ഉറപ്പു വരുത്തുന്നുണ്ട്. 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി പ്രകാരം തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. സ്ത്രീ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ പ്രസവാനുകൂല്യം 15,000/- രൂപ നൽകി വരുന്നുണ്ട്. 1968-ലെ മെറ്റേർണിറ്റി ബെനിഫിറ്റി ആക്ട് പ്രകാരം മെറ്റേർണിറ്റി അവധി 26 ആഴ്ചയായി ഉത്തരവായിട്ടുള്ളതാണ്. സ്ത്രീ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി സഹജ കോൾ സെന്ററും പ്രവർത്തിച്ചു വരുന്നുണ്ട് |
| (ഡി) | സംസ്ഥാനത്തെ ചൂഷണരഹിത സേവന വേതന വ്യവസ്ഥകളും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്ന തൊഴിൽനയവും ഈ നേട്ടം കൈവരിക്കുന്നതിന് സഹായിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ തൊഴിലാളിക്ക് ലഭ്യമാകുന്നുണ്ടോ എന്നത് സി.ഐ.എസ് ഇൻസ്പെക്ഷനിലൂടെയും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനയിലൂടെയും ഉറപ്പു വരുത്താറുണ്ട്. ആയത് ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചു വരുന്നത് സംസ്ഥാനത്ത് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് സഹായിക്കുന്നു. സംസ്ഥാനത്ത് ഉത്പാദനക്ഷമതയിലൂന്നിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിൽ അവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പു വരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക തുടങ്ങി നിരവധി ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ഊന്നൽ |

| | | | |
|---|---|---|---|
| | | | നൽകിയാണ് തൊഴിൽ നയം രൂപീകരിച്ചിട്ടുള്ളത്. സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പ വരുത്തുമെന്ന് തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സുദൃഢമായ തൊഴിലാളി-തൊഴിലുടമ ബന്ധം ഉറപ്പാക്കുന്നതിനും തൊഴിൽ തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പ വരുത്തുന്നതിനും തൊഴിൽ നയം സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ